പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

25.06.2013 ൽ

നക്ഷത്രചിഹ്നമിടാത്ത

മറുപടിക്ക്

ചോദ്യം നമ്പർ - 3868

# ഐ.ടി. മിഷനിലൂടെ നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീമതി . കെ.എസ്.സലീഖ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) | മുൻ സർക്കാർ ഐ.ടി മിഷനിലൂടെ നൽകിയിരുന്ന ഏതെല്ലാം സേവനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിറുത്തലാക്കി; ഏതെല്ലാം തുടരുന്നു; പുതുതായി എന്ത് നടപടികൾ അധികമായി ലഭ്യമാക്കി; വിശദാംശം ലഭ്യമാക്കുമോ; | (എ) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ ഒരു പദ്ധതിയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിർത്തലാക്കിയിട്ടില്ല. ചുവടെ ചേർക്കുന്ന പദ്ധതികൾ തുടർന്നു വരുന്നു.<br>• ഇ-ഡിസ്ട്രിക്റ്റ്<br>• ഇ-പ്രൊക്യൂർമെന്റ് സംവിധാനം<br>• ഫ്രീസ്<br>• കെസ്വാൻ<br>• സെർട്ട്-കെ<br>• കേരള സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ച്ചർ.<br>• സംസ്ഥാന ഡാറ്റാ സെന്റർ (പഴയത്)<br>• ഫ്രണ്ട്സ് ജനസേവന കേന്ദ്രം.<br><br>സംസ്ഥാന ഡാറ്റാ സെന്റർ (പുതിയത്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തിയാക്കിയ പദ്ധതിയാണ്. |

| | | | |
|---|---|---|---|
| (ബി) | 2012-13 സാമ്പത്തിക വർഷം ഐ.ടി മിഷനിലൂടെ നടപ്പാക്കിയ പദ്ധതികൾക്കായി എന്തു തുക അനുവദിച്ചു; ആയതിൽ എന്ത് തുക ചെലവഴിച്ചു ; | (ബി) | കേരള സ്റ്റേറ്റ് ഐ.ടി മിഷന് 2012-13 സാമ്പത്തിക വർഷത്തിൽ 3191.15 ലക്ഷം രൂപ അനുവദിച്ചു. 2013 മാർച്ച് 31 വരെ 2958.62 ലക്ഷം രൂപ ചെലവഴിച്ചു. |
| (സി) | 2013-1 4 - ൽ ഇതിന് എന്തു തുക അനുവദിച്ചിട്ടുണ്ട്. ; | (സി) | 2013-14 ൽ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ പദ്ധതികൾക്കായി 6823 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | 2 0 1 2 - 1 3 -ൽ ഇതിനായി കേന്ദ്രം എത്ര തുക അനുവദിച്ചു; എത്ര ചെലവഴിച്ചു; എത്ര ലാപ്സാക്കി; വ്യക്തമാക്കുമോ; | (ഡി) | 2012-13 ൽ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ നടപ്പിലാക്കുന്ന കേരളാ സ്റ്റേറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (കെ-സ്വാൻ) പദ്ധതിയ്ക്കായി 1143.42 ലക്ഷം രൂപയും ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയ്ക്കായി 505.85 ലക്ഷം രൂപയും അനുവദിച്ചു . ഇതിൽ നിന്നും 502.57 ലക്ഷം രൂപ കെ-സ്വാൻ പദ്ധതിയ്ക്ക് വേണ്ടിയും 505.85 ലക്ഷം രൂപ ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയ്ക്ക് വേണ്ടിയും ചെലവഴിച്ചു. തുകയൊന്നും തന്നെ ലാപ്സാക്കിയിട്ടില്ല. |
| (ഇ) | വനിതാ കോളേജിലെ വിദ്യാർത്ഥിനികൾ, മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാസമ്പന്നർ എന്നിവർക്ക് തൊഴിലുറപ്പാക്കാനുള്ള കമ്പ്യൂട്ടർ പരിശീലന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അത് നിറുത്തലാക്കാനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ; | (ഇ) | കേരളത്തിലുട നീളം കോളേജിലെ വനിതാ വിദ്യാർത്ഥികൾക്ക് ഐടി അധിഷ്ഠിതമായ പരിശീലനം നൽകി വരുന്ന പദ്ധതി ഇപ്പോഴും നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് വേണ്ടി ഐടി അധിഷ്ഠിത പരിശീലന പദ്ധതി 2009 ൽ വനിതാ മത്സ്യത്തൊഴിലാളി സംഘടനയുടെ അപേക്ഷയിന്മേൽ അവരുടെ തന്നെ മേൽനോട്ടത്തിൽ, 2 ബാച്ചുകളിലായി നടപ്പിലാക്കിയിരുന്നു. തുടർന്ന് ഇത്തരം പരിപാടികൾക്ക് വേണ്ടിയുള്ള അപേക്ഷ ലഭിക്കാതിരുന്ന സാഹചര്യത്തിൽ ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി തുടർന്നും നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (എഫ്) | കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരില്ലാതെ ഇന്റർനെറ്റിലൂടെ വിപണനം ചെയ്യാനായി ആരംഭിച്ച ഇ-കൃഷി സംവിധാനം നിറുത്തലാക്കിയോ; വിശദമാക്കുമോ; | (എഫ്) | ഇല്ല. നിലവിലുണ്ടായിരുന്ന ഇ-കൃഷി വെബ്സൈറ്റ് ബൈലിംഗ്വൽ അല്ലാത്തതിനാൽ സാധാരണ ജനങ്ങൾ ഉപയോഗിക്കുമ്പോൾ ചില ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു. ആയതിനാൽ കൂടുതൽ സൗകര്യങ്ങളും സേവനങ്ങളും ഉൾപ്പെടുത്തി ഒരു ബൈലിംഗ്വൽ ഇ-കൃഷി പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് പൊതു ജനങ്ങൾക്ക് ഉടൻ തന്നെ ലഭ്യമാക്കും. |
| (ജി) | കഴിഞ്ഞ സർക്കാർ തുടക്കം കുറിച്ച ഇ-കൃഷി പദ്ധതിക്ക് എത്ര ദേശീയ അംഗീകാരം ലഭിക്കുകയുണ്ടായി; വ്യക്തമാക്കാമോ; | (ജി) | 2008 ൽ സ്കോച്ച് റെഡ്ഹാറ്റ് അവാർഡ്, 2008-09 ൽ സിഎസ്ഐ നിഹിലന്റ് അവാർഡ്, 2010-ൽ മന്ദൻ അവാർഡ്, കൂടാതെ 2011-ൽ നാഷണൽ ഇ-ഗവേണൻസ് സെക്റ്ററൽ ഫോക്കസ് അവാർഡ് എന്നിവ ടി പദ്ധതിക്ക് ലഭിക്കുകയുണ്ടായി. |
| (എച്ച്) | ഗ്രാമീണ അടിസ്ഥാന വിവരങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാക്കാനുള്ള 'എന്റെ ഗ്രാമം' പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഐ.ടി മിഷൻ എപ്രകാരം നടപ്പാക്കി വരുന്നു; വിശദമാക്കാമോ; | (എച്ച്) | ഗ്രാമീണ അടിസ്ഥാന വിവരങ്ങൾ ഇൻറർനെറ്റിൽ ലഭ്യമാക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഐ.ടി മിഷൻ നടപ്പിലാക്കിയിരുന്ന എന്റെ ഗ്രാമം എന്ന പദ്ധതിയുടെ വെബ്സൈറ്റിന്റെ സെക്യൂരിറ്റിയിൽ ഉണ്ടായ ചില സാങ്കേതിക തടസ്സങ്ങൾ കാരണം ഈ പോർട്ടലിന്റെ ലഭ്യത ഇപ്പോൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. വിവര സാങ്കേതിക വിദ്യയുടെ നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഒരു സമ്പൂർണ്ണ ഇ-മലയാളം പോർട്ടലിന്റെ (എന്റെ ഗ്രാമം ഉൾപ്പെടെ) രൂപീകരണത്തിനുള്ള പ്രൊപ്പോസൽ തയ്യാറായി വരുന്നു. |
| (ഐ) | 'സ്പാർക്ക്' പദ്ധതി നടത്തിപ്പ് സ്വതന്ത്രമാക്കുമോ? | (ഐ) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.